## വഴിവെളിച്ചം

# പരീക്ഷണമാകുന്ന രോഗം

عَن جَابِرِ رَضي اللَّه عنه قَال : قَالَ رَسُولُ اللَّه ﷺ : يَوَدّ أهْلُ العَافِيَة يَوْمَ الْقِيَامة حَتّى يُعْطَى أَهْلُ البَلاءِ الثواب لَو أنَّ جُلُودَهُم كَانت قُرِضَتْ فِي الدّنيا بالمقَارِض

**ജാബിർ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: “രോഗികളായിരുന്നവർക്കു അന്ത്യദിനത്തിൽ നൽകപ്പെടുന്ന പ്രതിഫലം കാണുമ്പോൾ, തങ്ങളുടെ തൊലികൾ ദുൻയാവിൽ വെച്ച് കത്രികയാൽ മുറിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് ആരോഗ്യവാന്മാർ അഗ്രഹിച്ചുപോകും” (തിർമിദി).**

**മാനസികാരോഗ്യം** പോലെ ശാരീരികാരോഗ്യവും വളരെ പ്രധാനമാണ്. ശാരീരികാരോഗ്യം സംരക്ഷിക്കാൻ വേണ്ടതെല്ലാം ഇസ്‌ലാം അനുവദിക്കുകയും ശരീരത്തിന് ദോഷം ചെയ്യുന്നവ വിലക്കുകയും ചെയ്തിട്ടുണ്ട്. നീന്തൽ, അമ്പെയ്ത്ത്, കുതിരസവാരി, ഗുസ്തി എന്നിവ ഭാവിതലമുറയെ പഠിപ്പിക്കണമെന്ന നബിവചനം കേവലം വിനോദത്തെ പ്രോത്സാഹിപ്പിക്കാൻ മാത്രമല്ല, ആരോഗ്യ സംരക്ഷണത്തിന് കൂടിയാണ്. കരുത്തനായ വിശ്വാസിയാണ്, ദുർബലവിശ്വാസിയേക്കാൾ ഉത്തമനെന്നും നബി(സ) പഠിപ്പിക്കുകയുണ്ടായി.

എങ്കിലും മനുഷ്യർക്ക് രോഗം വരാം. അതൊരു ദൈവിക ശിക്ഷയല്ല; പരീക്ഷണമാണ്. എല്ലാ രോഗങ്ങൾക്കും മരുന്നുണ്ട് എന്ന നബിവചനം, ഏത് രോഗത്തിനും ചികിത്സിക്കണമെന്ന സന്ദേശമാണ് നൽകുന്നത്. രോഗം വന്നാൽ ചികിത്സിക്കാതെ നീട്ടിക്കൊണ്ടുപോകുന്ന ചിലരുണ്ട്. പ്രവാചകാധ്യാപനത്തിന് വിരുദ്ധമാണത്. ‘നിങ്ങൾ ചികിത്സിക്കുക’ എന്നാണ് പ്രവാചകൻ കൽപിക്കുന്നത്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ അത് വരാതിരിക്കാനുള്ള മുൻകരുതലാണ് ആവശ്യം. ശുചിത്വമില്ലായ്മ, അമിതാഹാരം, വ്യായാമവും അദ്ധ്വാനവുമില്ലായ്മ, തെറ്റായ ചികിത്സാ രീതി ഇവയാണ് മുഖ്യമായും രോഗം വരാനുള്ള കാരണങ്ങൾ.

മഴക്കാല രോഗങ്ങൾ നാട്ടിലൊന്നാകെ പടർന്നു പിടിക്കുന്ന കാലമാണിത്. പനിയുൾപ്പെടെ പലതരം രോഗങ്ങൾ പുതിയ പുതിയ പേരുകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പരിസര മലിനീകരണമാണ് പകർച്ച വ്യാധികൾക്ക് പ്രധാന ഹേതു. വീടും പരിസരവും നാടും നാട്ടുവഴികളും ശുചിത്വമില്ലാതായാൽ രോഗാതുരമാവും സമൂഹം. വൃത്തി ഈമാന്റെ പകുതിയാണെന്നാണ് പ്രവാചകന്റെ അധ്യാപനം. കുളിയെയും ദന്തശുചീകരണത്തെയും പ്രോത്സാഹിപ്പിക്കുന്ന ഹദീസുകളും നിരവധിയുണ്ട്. വെള്ളം തങ്ങിനിൽക്കുന്ന ഇടങ്ങളിലും തണൽ മരങ്ങളുടെ ചുവട്ടിലും വഴിവക്കിലും മലമൂത്രവിസർജനം അരുതെന്നും നബി(സ) പഠിപ്പിച്ചു. വീടിന്റെ ഉമ്മറത്തു കാണുന്ന വൃത്തി അകത്തും അടുക്കളയിലും പറമ്പിലും നാട്ടിലും ഉണ്ടാവണം. നബി(സ) പറഞ്ഞു: “നിശ്ചയം, അല്ലാഹു വിശുദ്ധനാണ്; വിശുദ്ധി അവൻ ഇഷ്ടപ്പെടുന്നു. അല്ലാഹു സദ്‌വൃത്തനാണ്; വൃത്തി അവൻ ഇഷ്ടപ്പെടുന്നു” (തിർമിദി). “തീർച്ചയായും പശ്ചാത്തപിക്കുന്നവരെയും വൃത്തി കാത്തുസൂക്ഷിക്കുന്നവരെയും അല്ലാഹു ഇഷ്ടപ്പെടുന്നു” (*അൽബഖറ* 222).

അമിതാഹാരമാണ് രോഗം വരാൻ മറ്റൊരു കാരണം. കുടിക്കാം, തിന്നാം പക്ഷേ അമിതമായി വാരിവലിച്ചു തിന്നരുതെന്നാണ് ഖുർആന്റെ കൽപന(*അൽ അഅ്റാഫ്* 31). ഭക്ഷണത്തിനു രുചി വർധിപ്പിക്കാൻ കമ്പനികൾ ഉദ്പാദിപ്പിക്കുന്ന പലതരം പാക്കറ്റുകളിൽ അടങ്ങിയിരിക്കുന്നതും രോഗം തന്നെ. വ്യായാമമില്ലായ്മയും നമ്മെ രോഗികളാക്കും. അധ്വാനശീലം വിശുദ്ധരായ പ്രവാചകന്മാരുടെ അടയാളമായിരുന്നു. ദാവൂദ്(അ) കൊല്ലപ്പണിയും സകരിയ്യാ(അ) ആശാരിപ്പണിയുമാണ് ചെയ്തിരുന്നത്.

രോഗം വന്നാൽ ആകെ അസ്വസ്ഥരാവുകയും ഉന്മേഷം നഷ്ടപ്പെടുകയും ചെയ്യുന്നവരുണ്ട്. ശരീരത്തിന് ആ സമയത്ത് ഇത്തിരി ഉന്മേഷക്കുറവുണ്ടാകാമെന്നല്ലാതെ മനസ്സ് അപ്പോഴും സന്തോഷത്തിലായിരിക്കണം. ആപത്ത് സംഭവിച്ചാലും അത് നന്മയാക്കി മാറ്റാൻ കഴിവുള്ള അത്ഭുത പ്രതിഭാസമാണ് വിശ്വാസി എന്ന നബിവചനം ഓർക്കുക. രോഗം വന്നാൽ അല്ലാഹു അത് സുഖപ്പെടുത്തും എന്ന ഉറച്ച മനസ്സ് വിശ്വാസികൾക്കുണ്ടാവണം. ഇബ്റാഹീം(അ) ദൃഢസ്വരത്തിൽ പറഞ്ഞു: “ഞാൻ രോഗിയായാൽ അവൻ എന്നെ സുഖപ്പെടുത്തുന്നതാണ്” (*അശ്ശുഅറാഅ്* 80). രോഗിയായ അയ്യൂബി(അ)ന് അല്ലാഹു രോഗം മാറ്റിക്കൊടുത്ത സംഭവവും ഖുർആനിലുണ്ട് (*അൽഅമ്പിയാഅ്* 83). രോഗം നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടാനുള്ള നിമിത്തമായിത്തീരുന്നത് അങ്ങനെയാണ്. അതാണ് മുകളിൽ കൊടുത്ത ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. രോഗികളല്ലാത്തവർപോലും രോഗികളായിരുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം കാണുമ്പോൾ ദുൻയാവിൽ രോഗിയായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോകുമെന്നാണ് ഹദീസ് പഠിപ്പിക്കുന്നത്. മറ്റൊരു വചനം: “വിശ്വാസിക്കു ക്ഷീണം, രോഗം, വിഷമം, ദുഃഖം, തറക്കുന്ന മുള്ളുവരെ അവന്റെ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കാനുള്ള നിമിത്തമാവും” (ബുഖാരി). ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**

* ഇമാം തിർമിദി (ഹദീസ് നമ്പർ 2402)യും അബിദ്ദുൻയാ(ഹദീസ് നമ്പർ 204)യും ഇമാം ത്വബറാനി (*അൽ മുഅ്ജമുൽ കബീർ*)യും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഇമാം നാസ്വിറുദ്ദീൻ അൽബാനി തന്റെ സ്വഹീഹു തർഗീബി വത്തർഹീബിൽ ഹസനായും (നമ്പർ 3404) ഈ ഹദീസ് നിവേദനം ചെയ്തിരിക്കുന്നു.